**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **11-02-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം നേരിടാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി 2021-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നോ; | (എ) | സമർപ്പിച്ചിരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സംസ്ഥാന സർക്കാർ 620 കോടി (60:40 അനുപാതത്തിൽ) രൂപയ്ക്ക് 5 വർഷത്തേക്കുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കി ധനസഹായത്തിനായി 07/09/2021 ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുകയും ആയത് 22/11/2021 ൽ കേരള വനം വകുപ്പ് മന്ത്രി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിക്ക് നേരിട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | അറിയിച്ചിട്ടുണ്ട് . ഇപ്രകാരം സമർപ്പിച്ച പദ്ധതിയെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് 12/01/2023 ലെ DO No. NA-13/16/2020-NA(Pt) നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി അർദ്ധ ഔദ്യോഗിക കത്തിൽ പ്രതിപാദിക്കുന്നത് സംസ്ഥാന സർക്കാരിനുള്ള ധനസഹായം നിലവിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, CAMPA എന്നിങ്ങിനെ സംസ്ഥാനവുമായി കേന്ദ്രം ചെലവ് പങ്കിടുന്ന പദ്ധതികളിൽ പരിഗണിക്കാറുണ്ടെന്നും സംസ്ഥാനം ശാസ്ത്രീയവും ആധുനികവുമായ രീതികൾ അവലംബിച്ചും വിവിധ സംസ്ഥാന പദ്ധതികളിൽ നിന്നും വിഭവസമാഹരണം നടത്തിയും ദീർഘകാല, സുസ്ഥിര പദ്ധതികൾ ഉപയോഗിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതാണ് അഭികാമ്യമെന്നാണ് അറിയിച്ചിട്ടുണ്ട്. |
| (സി) | മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുള്ള പദ്ധതികൾക്കായി എപ്രകാരം തുക കണ്ടെത്താനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി തുക ലഭിച്ചുവരുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ), & 2406-02-110-52 IDWH – Outside PA (60:40 അനുപാതത്തിൽ) എന്നീ ശീർഷകങ്ങളിലും സംസ്ഥാന പദ്ധതിയായ 2406-02- |

| | | | |
|---|---|---|---|
| | | | 110-09 Measures to Reduce Man-Animal Conflict, & 2406-01-800-92 Relief to Victims എന്നിവയിലുമാണ് .<br>കേന്ദ്ര സർക്കാരിന്റെ മേൽ പരാമർശിച്ച രണ്ട് പദ്ധതികളിൽ അനുവദിക്കുന്ന മുഴുവൻ തുകയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികൾക്ക് മാത്രം ഉള്ളവയല്ല. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സംസ്ഥാന വനം വകുപ്പിന് അനുവദിച്ചത് ശരാശരി ഒരു വർഷം 585 ലക്ഷം രൂപ മാത്രമാണ് . വന്യജീവി സംരക്ഷണം ഉറപ്പുവരുത്താനുള്ള വിവിധ പദ്ധതി ഘടകങ്ങളിൽ ഒരു ഘടകം മാത്രമാണ് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം. എന്നാൽ മേൽ സൂചിപ്പിച്ച സംസ്ഥാന പദ്ധതികൾ രണ്ടും മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് മാത്രം ഉള്ളതാണ് . ടി സംസ്ഥാന പദ്ധതികളിലൂടെ പ്രസ്തുത ആവശ്യത്തിലേക്കായി ശരാശരി ഒരുവർഷം 3493 ലക്ഷം രൂപ ലഭിച്ചുവരുന്നു.<br>നിലവിൽ സംസ്ഥാനത്ത് ഉടലെടുത്തിട്ടുള്ള മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് ടി തുകകൾ തികച്ചും അപര്യാപ്തമാണ്. ആയതിനാലും മനുഷ്യ-വന്യജീവി സംഘർഷം “സംസ്ഥാന സവിശേഷ ദുരന്തമായി” പ്രഖ്യാപിച്ചതിനാലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ നഷ്ടപരിഹാര രീതികൾ പരിഷ്കരിക്കുക, RRT കളുടെ ശാക്തീകരണം, ടൂൾ റൂമുകളുടെ സജ്ജീകരണം തുടങ്ങിയവയ്ക്ക് തുക വകയിരുത്താനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ NABARD, KIIFB, RKVY എന്നിവയിൽ നിന്നും ഫണ്ട് ലഭ്യമാക്കി വരുന്നുണ്ട്.<br>വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലയിൽ ഇറങ്ങുന്നത് തടയാനുള്ള പ്രതിരോധ സംവിധാനങ്ങൾ, ആവാസ വ്യവസ്ഥാ പരിപോഷണം തുടങ്ങിയവ ബഹുജന പങ്കാളിത്തത്തോടെയും, സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും, മറ്റു സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും, കമ്പനികളുടെ CSR ഫണ്ട് ഉപയോഗിച്ചും പ്രാവർത്തികമാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ